6. മീനച്ചിൽ, കണ്ണൂർ സബ്ജയിലുകളിൽ ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തുക.

7. ചീമേനി തുറന്ന ജയിൽ, ഹോസ്ദുർഗ്ഗ് സബ് ജയിൽ എന്നിവയുടെ കെട്ടിടം പണി പൂർത്തീകരിക്കുക, വാഹനസൗകര്യം വർദ്ധിപ്പിക്കുക, തിരുവനന്തപുരം സെൻട്രൽ ജയിലിൽ പുതിയ ടെലഫോൺ എക്സ്ചേഞ്ചുകൾ സ്ഥാപിക്കുക, സെക്യൂരിറ്റി സംവിധാനം ശക്തിപ്പെടുത്തുക.

(ഡി) ജയിൽ വകുപ്പിലെ ലോവർ സബോർഡിനേറ്റ് എക്സിക്യൂട്ടീവ് ജീവനക്കാർക്ക് തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും', ഓഫീസർ ഗ്രേഡിലുള്ള എക്സിക്യൂട്ടീവ് ജീവനക്കാർക്ക് തമിഴ്നാട്ടിലെ വെല്ലൂരിൽ പ്രവർത്തിക്കുന്ന 'റീജണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിലും പരിശീലനം നൽകുന്നുണ്ട്. കൂടാതെ ശിക്ഷാ നിർവ്വഹണ രംഗത്തുണ്ടാകുന്ന ആധുനിക പ്രവണതകൾ ജീവനക്കാരുടെ കൃത്യനിർവ്വഹണത്തിൽ മാർഗ്ഗ നിർദ്ദേശകമാക്കുന്നതിനുവേണ്ടി പുനർ വിദ്യാഭ്യാസം നൽകിവരുന്നു.

(ഇ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കറക്ഷണൽ അഡ്മിനിസ്ട്രേഷനിൽ 30 ദിവസം വീതമുള്ള പുനർ വിദ്യാഭ്യാസ പരിപാടി ആരംഭിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിന് കൂടുതൽ പഠനോപകരണങ്ങളും വാഹനവും നൽകും. ഹോസ്റ്റൽ സംവിധാനം വിപുലപ്പെടുത്തുന്നതാണ്.

പി.എസ്.സി. നിയമനങ്ങളിൽ വി.എച്ച്.എസ്.ഇ. കോഴ്സുകളെ അംഗീകരിക്കുവാൻ നടപടി

19 (*169)ശ്രീ. എൻ.ആർ. ബാലൻ :

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

ശ്രീ. എ. കണാരൻ :

ശ്രീ. പി. വിശ്വൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിയമനത്തിനായുള്ള യോഗ്യത നിർണ്ണയിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിവിധ തസ്തികകളിലേയ്ക്കുള്ള യോഗ്യത നിശ്ചയിക്കുന്നത് എപ്രകാരമെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ നിയമനത്തിനായി വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് പബ്ലിക് സർവീസ് കമ്മീഷൻ അംഗീകാരം നൽകിയിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഏതൊക്കെ വി.എച്ച്.എസ്.ഇ. കോഴ്സുകൾക്കാണ് ഇപ്രകാരം പി.എസ്.സി. അംഗീകാരം നൽകാത്തത് എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്തെ വിവിധ ജോലികൾക്കുള്ള യോഗ്യതയായി വി.എച്ച്.എസ്.ഇ. കോഴ്സുകളെ അംഗീകരിക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സംസ്ഥാനത്ത് വി.എച്ച്.എസ്.ഇ. കോഴ്സുകൾ പാസ്സായി ഓരോ വർഷവും പുറത്തുവരുന്നവർ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ജി) വിവിധ വകുപ്പുകളിലെ നിയമനത്തിനായി വി.എച്ച്.എസ്.ഇ. കോഴ്സ് പാസ്സായവരെ പരിഗണിക്കണമെന്ന് നിർദ്ദേശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ)&(ബി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ തസ്തികകളിൽ നിയമനത്തിനായുള്ള യോഗ്യത നിർണ്ണയിക്കുന്നതും ഓരോ തസ്തികയുടെയും കർത്തവ്യങ്ങളും ചുമതലകളും കണക്കിലെടുത്ത്, ആയത് അതാത് തസ്തികയുടെ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തിയാണ്. കൂടാതെ അക്കാദമിക് മെഡിക്കൽ ടെക്നിക്കൽ രംഗങ്ങളിലുള്ള വിവിധ തസ്തികകളുടെ യോഗ്യത നിർണ്ണയിക്കുന്ന കാര്യത്തിൽ ഇതു സംബന്ധിച്ച കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെ മാർഗ്ഗനിർദ്ദേങ്ങൾ പാലിച്ചുകൊണ്ട് അവ ബന്ധപ്പെട്ട സ്പെഷ്യൽ റൂളുകളിൽ ഉൾപ്പെടുത്തിയുമാണ് യോഗ്യത നിശ്ചയിക്കുന്നത്.

(സി) സംസ്ഥാന സർവ്വീസിലെ ഏതൊക്കെ തസ്തികകൾക്ക് വി.എച്ച്.എസ്.ഇ. കോഴ്സുകൾ അനുയോജ്യമായ യോഗ്യതയാണെന്ന കാര്യത്തിൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടത് സർക്കാരാണ്. ആയതിന് പി.എസ്.സി. യുടെ ഉപദേശം കൂടി കണക്കിലെടുക്കാറുണ്ട്.

(ഡി) വി.എച്ച്.എസ്.ഇ. കോഴ്സുകൾ, തസ്തികകളുടെ നിയമനത്തിനുള്ള യോഗ്യതയായി അംഗീകരിക്കുന്നത് സംബന്ധിച്ച് പി.എസ്.സി.യ്ക്ക് ഉപദേശത്തിനായി അയച്ച നിർദ്ദേശങ്ങളൊന്നും കമ്മീഷൻ നിരാകരിച്ചിട്ടില്ല.

(ഇ) സർക്കാർ സർവ്വീസിലെ ഏതൊക്കെ തസ്തികകൾക്ക് വി.എച്ച്.എസ്.ഇ. കോഴ്സ് യോഗ്യത അനുയോജ്യമാണെന്ന് തീരുമാനമാകാത്തതുകൊണ്ടാണ് ചില വി.എച്ച്.എസ്.ഇ. കോഴ്സുകളെ നിയമനത്തിനുള്ള യോഗ്യതയ്ക്കായി അംഗീകരിക്കാത്തത്. ഇവയ്ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(എഫ്) ഉണ്ട്. പൂർണ്ണവിവരം ലഭ്യമല്ല. ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.

1998 - 12189 -പേർ.

1999 - 14266 -പേർ.

(ജി) ഇപ്പോൾ വി.എച്ച്.എസ്.ഇ. കോഴ്സ് യോഗ്യതയായി അംഗീകരിച്ചിട്ടില്ലാത്ത തസ്തികകൾക്ക് ഇത് അനുയോജ്യമായ യോഗ്യതയായി അംഗീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകളിലും നിയമനത്തിന് പരിഗണന ലഭിക്കും.

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

20 (*170) ശ്രീ. സത്യൻ മൊകേരി :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ.പി. രാജേന്ദ്രൻ
ശ്രീ. എൻ. അനിരുദ്ധൻ

LIBRARY ARCHIVES Kerala Legislative Assembly